പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1952 22.01.2014 - ൽ മറുപടിക്ക്

## കോഴിക്കോട് ജില്ലയിലെ ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് നിയമനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഇ.കെ. വിജയൻ | ശ്രീ. ഉമ്മൻചാണ്ടി (മുഖ്യമന്ത്രി) |
| എ) കോഴിക്കോട് ജില്ലയിൽ ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് തസ്തികയിൽ നിലവിലുള്ള റാങ്ക് ലിസ്റ്റിൽ നിന്നും നാളിതുവരെ എത്രപേർക്ക് നിയമനം നൽകിയിട്ടുണ്ട് ; വിശദമാക്കാമോ ; | എ) കോഴിക്കോട് ജില്ലയിലെ നിലവിലുള്ള ജെ.പി.എച്ച്.എൻ ഗ്രേഡ്-2 റാങ്ക് ലിസ്റ്റിൽ നിന്നും നാളിതുവരെ 93 പേർക്ക് ആരോഗ്യ വകുപ്പിൽ നിയമനം നൽകിയിട്ടുണ്ട്. 19.02.2013 തീയതി വരെ 153 ഉദ്യോഗാർത്ഥികൾക്ക് പി.എസ്.സി. നിയമന ശിപാർശ നൽകിയിട്ടുണ്ട്. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിനു കീഴിൽ കോഴിക്കോട് മെഡിക്കൽ കോളേജിൽ ഒരാളെ നിയമിച്ചിട്ടുണ്ട്. |
| ബി) പ്രസ്തുത ലിസ്റ്റിന്റെ നിലവിലുള്ള റൊട്ടേഷനും ഒഴിവുകളും എത്രയെന്ന് വെളിപ്പെടുത്തുമോ ; | ബി) പെൻഷൻ ഏകീകരണം നിലവിലുള്ളപ്പോൾ സൃഷ്ടിച്ച സൂപ്പർന്യൂമററി തസ്തികയിലേയ്ക്ക് പി.എസ്.സി. നിയമനത്തിനായി അഡ്വൈസ് നൽകിയതിൽ മതിയായ ജാതിസംവരണത്തിൽ ഉൾപ്പെട്ട ഉദ്യോഗാർത്ഥികൾ നിലവിലില്ലാത്ത 52 എണ്ണത്തിലേയ്ക്ക് നിയമനം നല്കാൻ സാധിച്ചിട്ടില്ല. കോഴിക്കോട് ജില്ലയിൽ ടി തസ്തികയിൽ ഒഴിവുകളൊന്നും അവശേഷിക്കുന്നില്ല. പ്രസ്തുത ലിസ്റ്റിന്റെ റൊട്ടേഷൻ സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| സി) ഈ ലിസ്റ്റിൽ നിന്നും എത്രപേർക്ക് കൂടി നിയമനം നൽകാൻ സാധിക്കും എന്നറിയിക്കുമോ ;<br>ഡി) എങ്കിൽ നടപടിക്രമങ്ങൾ പൂർത്തീകരിച്ച് നിയമനം എന്നത്തേക്ക് നൽകാൻ സാധിക്കും എന്നറിയിക്കുമോ ? | സി) & ഡി) ജില്ലയിൽ ജെ.പി.എച്ച്.എൻ ഗ്രേഡ് II -ന് പ്രൊമോഷൻ ലഭ്യമാകുന്നതു വഴി ഉണ്ടാകുന്ന ഒഴിവുകളിൽ സൂപ്പർന്യൂമററി നിയമനം ലഭിച്ച 22 പേർക്കു കൂടി സ്ഥിരലാവണം അനുവദിച്ചതിനു ശേഷം മാത്രമേ ഒഴിവുകൾ പി.എസ്. സി.യ്ക്ക് റിപ്പോർട്ട് ചെയ്ത് പുതിയ നിയമനം നൽകാൻ സാധിക്കുകയുള്ളൂ.<br>ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്ന മുറയ്ക്ക് നിയമന ശിപാർശ നടത്തുന്നതാണ്. |

സെക്ഷൻ ഓഫീസർ

JR.P.H.NURSE .GR.II - HEALTH - KOZHIKODE

| POST | DEPARTMENT | DOE | TOTAL ADVICE | DATE OF LAST ADVICE | DATE OF CANCELLATION/EXHAUSTION |
|---|---|---|---|---|---|
| JR..P.H.NURSE .GR.II - | HEALTH | 10/09/09 | 153 | 19/02/13 | |

RANK UPTO WHICH ADVISED

| OC | E | SC | ST | M | LC | OBC | V | SIUCN/AI | HINDU N | OX | D | LP | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| 86 | 85 | 92 | 155 | 149 | 150 | 68 | 133 | | | 79 | | | |

SECTION OFFICER